**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 806** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഗോത്രവർഗ വിദ്യാർത്ഥികളുടെ ഓൺലൈൻ ക്ലാസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ആവിഷ്കരിച്ച ഓൺലൈൻ അദ്ധ്യാപനം ആദിവാസി കുട്ടികൾക്ക് അപ്രാപ്യമായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗോത്രഭാഷയിലുള്ള അദ്ധ്യാപനത്തിനായി ഗോത്രബന്ധു അദ്ധ്യാപകരുടെ സേവനം ഉപയോഗിച്ചിട്ടുണ്ടോ; | (ബി) | ഉപയോഗിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തൊട്ടാകെ ഗോത്രവിഭാഗത്തിൽപെട്ട എത്ര വിദ്യാർത്ഥികൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്; | (സി) | സംസ്ഥാനത്തൊട്ടാകെ ഗോത്ര വിഭാഗത്തിൽപ്പെട്ട 90,017 വിദ്യാർത്ഥികൾ ഉണ്ട്. |
| (ഡി) | ഈ വിദ്യാർത്ഥികളെ പൂർണ്ണമായും ഓൺലൈൻ വഴിയുള്ള ക്ലാസ്സുകളിൽ പങ്കാളികളാക്കുന്നതിനും പരീക്ഷകൾക്ക് തയ്യാറെടുപ്പിക്കുന്നതിനും പട്ടികവർഗ്ഗ വകുപ്പ് കൈക്കൊള്ളുന്ന നടപടികൾ എന്തൊക്കെയാണ്? | (ഡി) | 1 മുതൽ +2 വരെയുള്ള ക്ലാസുകളിലായി 86423 വിദ്യാർത്ഥികളാണ് പഠനം നടത്തി വരുന്നത്. കോവിഡ് കാലത്ത് നടപ്പിലാക്കിയ ഓൺലൈൻ വിദ്യാഭ്യാസ പദ്ധതി മറ്റ് വിദ്യാർത്ഥികൾക്കെന്ന പോലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പഠനത്തിന് വളരെ സഹായകമായിരുന്നു. ഇന്റർനെറ്റിന്റെ അഭാവം മൂലം ഓൺലൈൻ ക്ലാസ്സുകൾ ലഭിക്കാതിരുന്നിടങ്ങളിൽ ഡി.ടി.എച്ച്, കേബിൾ തുടങ്ങിയ ബദൽ സംവിധാനങ്ങൾ സജ്ജീകരിച്ചും, വൈദ്യുതി എത്താത്ത വിദൂര പ്രദേശങ്ങളിലും ഉൾവനങ്ങളിലും സ്ഥിതി ചെയ്യുന്ന കോളനികളിൽ സോളാർ പാനൽ സംവിധാനം മുഖേന വൈദ്യുതി ലഭ്യമാക്കിയും ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. സാമൂഹ്യ പഠനമുറികളിലായി ഫെസിലിറ്റേറ്റർമാരുടെ സഹായത്താൽ |

ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ പഠന മുറികളിൽ വിക്ടേഴ്സ് ചാനൽ വഴി ഓൺ ലൈൻ പഠനം സാധ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനാവശ്യമായ ഫോൺ റീചാർജ്ജ്, ഡി.ടി.എച്ച് റീചാർജ്ജ് എന്നീ ചെലവുകൾ വഹിക്കുന്നതിനും, പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി എം.ആർ.എസു കളിലെയും പ്രീമെട്രിക് ഹോസ്റ്റലുകളിലെയും എസ്.എസ്.എൽ.സി വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3,000/-രൂപയും, എം.ആർ.എസുകളിലും, പി.എം.എച്ച്-കളിലും ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും 3,450/- രൂപയും പ്രതിമാസം നൽകി വരുന്നുണ്ട്. ടെലിഫോൺ മുഖേന എം.ആർ.എസുകളിലെ അദ്ധ്യാപകർ ആഴ്ചയിലൊരിക്കൽ വിദ്യാർത്ഥികളും രക്ഷിതാക്കളുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നു. ഇന്റർനെറ്റ്, ഡി.ടി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ എം.ആർ.എസ്-ലെ അദ്ധ്യാപകർ നേരിട്ടെത്തി വിക്ടേഴ്സ് ചാനൽ വഴി ലഭ്യമായ ക്ലാസുകൾ ഡൗൺലോഡ് ചെയ്ത് നൽകിയും വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കുന്നു. വകുപ്പിന് കീഴിലുള്ള പൂക്കോട്, ഇടുക്കി എന്നീ ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രപട്ടികവർഗ്ഗ മന്ത്രാലയം (MoTA) നടപ്പിലാക്കിയ Step App മുഖേനയും ക്ലാസ്സുകൾ ലഭ്യമാക്കുന്നുണ്ട്. സി.ബി.എസ്.ഇ സിലബസിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി കേന്ദ്രീകൃത ഓൺലൈൻ പഠന സൗകര്യം നിലവിലില്ലാത്തതിനാൽ വകുപ്പിന് കീഴിലുള്ള ഞാറനീലി സി.ബി.എസ്.ഇ സ്കൂൾ, ജി.കെ.എം.എം.ആർ.എസ് സ്കൂൾ, കുറ്റിച്ചൽ എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ ഓൺലൈൻ ക്ലാസുകൾ നൽകുന്നുണ്ട്. കൂടാതെ കോട്ടൂർ തുടങ്ങിയ പ്രദേശങ്ങളിൽ ടി സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിട്ടെത്തി വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകുന്നുണ്ട്. എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് ഗൂഗിൾ മീറ്റ് വഴി പ്രാക്ടിക്കൽ ക്ലാസ്സുകൾ നൽകി വരുന്നു. വീടുകളിൽ ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്കായി പൊതു ഇടങ്ങൾ കേന്ദ്രീകരിച്ച് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനായി 987 കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള 19

| | | | |
|---|---|---|---|
| | | | ഏകാദ്ധ്യാപക വിദ്യാലയങ്ങൾ മുഖേന 244 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ